**Metro Vartha, Thiruvananthapuram, Sep 19**

# ഐടി വിസ് ക്വിസ്

**തിരുവനന്തപുരം**

പ്രമുഖ ഐടി സർവീസസ് കൺസൾട്ടിങ് ബിസിനസ് സൊല്യൂഷൻസ് സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസസ് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന ഐടി വിസ് ക്വിസ് മത്സരത്തിന്റെ കേരള എഡിഷൻ ഒക്റ്റോബർ അഞ്ചിന്.

കൊച്ചിയിലാണു ക്വിസ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. എട്ടുമുതൽ 12വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു മത്സരത്തിൽ പങ്കെടുക്കാം. കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിലാണു കേരള എഡിഷൻ മത്സരങ്ങൾ. 14 പ്രാദേശിക കേന്ദ്രങ്ങളിലും യുഎഇ എഡിഷനിലും വിജയികളാകുന്നവർക്കു ദേശീയതലത്തിൽ മത്സരിക്കാം. ഡിസംബറിലാണു ദേശീയതല മത്സരങ്ങൾ. പ്രാദേശികതലത്തിൽ വിജയികളാകുന്നവർക്കു ട്രോഫിക്കു പുറമെ ഗ്യാലക്സി നോട്ട്, ഗ്യാലക്സി ടാബ് എന്നിവ സമ്മാനമായി ലഭിക്കും. മത്സരാർഥികൾക്കു പഠിക്കുന്ന വിദ്യാലയത്തിൽ നിന്നു ടിസിഎസ് ഐടി വിസ് കോ-ഓർഡിനേറ്റർ, ടിസിഎസ്, തേജോമയ, ഇൻഫോപാർക്ക്, കൊച്ചി-30 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

www.tcsitwiz.com എന്ന വെബ്സൈറ്റിൽ ഓൺലൈനായും പേര് രജിസ്റ്റർ ചെയ്യാം. ഒക്റ്റോബർ രണ്ടാണു രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി.